ഉത്തരം

(എ) ശ്രീ. സതീശന്റെ ജോലിയിലുള്ള കാര്യക്ഷമത സംബന്ധിച്ച് റിപ്പോർട്ട് നല്കണമെന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിരുന്നു.

(ബി) ഉണ്ട്.

(സി) ശ്രീ. സതീശനെ ഇപ്പോൾ കരാർ വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്. ടിയാനെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

പൂർത്തിയാക്കുവാനുള്ള വൻകിട ജലസേചന പദ്ധതികൾ

15 (1166) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പുതിയ ഏതെങ്കിലും വൻകിട ജലസേചന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) 1996-നും 2000-നും ഇടയിൽ പണികൾ നടന്നുവന്നിരുന്ന ഏതെല്ലാം വൻകിട ജലസേചന പദ്ധതികളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട് ;

(സി) ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന വൻകിട ജലസേചന പദ്ധതികൾ ഏതെല്ലാം ;

(ഡി) അവ ഓരോന്നിന്റെയും പണി എത്രത്തോളം പൂർത്തിയായിട്ടുണ്ട് ;

(ഇ) അവശേഷിക്കുന്ന പണികൾ എന്നത്തേയ്ക്ക് പൂർത്തിയാകും ; ഇതിനായി എന്തുതുക ചെലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) 1996-നും 2000-നും ഇടയ്ക്ക് പണികൾ നടന്നുവന്നിരുന്ന വൻകിട ജലസേചന പദ്ധതികളായ കല്ലട, മൂവാറ്റുപുഴ, ഇടമലയാർ, കുരിയാർകുറ്റി-കാരപ്പാറ, പഴശ്ശി എന്നിവയുടെ പണികൾ ഇനിയും പൂർത്തീകരിക്കുവാനുണ്ട്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരികയാണ്.

(ഡി) കല്ലട ജലസേചന പദ്ധതിയുടെ 96 ശതമാനവും മൂവാറ്റുപുഴ പദ്ധതിയുടെ 62 ശതമാനവും പണികൾ പൂർത്തിയായിട്ടുണ്ട്. ഇടമലയാർ പദ്ധതിയുടെ 25 ശതമാനം പണിപൂർത്തിയായിട്ടുണ്ട്. പഴശ്ശി പദ്ധതിയുടെ കനാൽ ഇംപ്രൂവ്മെന്റ് പണികൾ ഒഴികെയുള്ള എല്ലാ പണികളും പൂർത്തിയായിട്ടുണ്ട്. കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ പണികൾ പ്രാരംഭഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മേൽ പറഞ്ഞ പദ്ധതികളുടെ പണികൾ പൂർത്തിയാകുന്ന വർഷവും അതിനായി വേണ്ടിവരുന്ന തുകയും ചുവടെ ചേർക്കുന്നു.

	പദ്ധതിയുടെ പേര്	പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന വർഷം	പൂർത്തിയാക്കാൻ ഏകദേശം വേണ്ടിവരുന്ന തുക (രൂപ കോടിയിൽ)
1.	കല്ലട	2001-2002	120
2.	മൂവാറ്റുപുഴ	10-ാം പദ്ധതി കാലം	188
3.	ഇടമലയാർ	10-ാം പദ്ധതി കാലം	300
4.	കുരിയാർകുറ്റി-കാരപ്പാറ	10-ാം പദ്ധതി കാലം	147
5.	പഴശ്ശി	2001	5

പണി മുടങ്ങിക്കിടക്കുന്ന വൻകിട ജലസേചനപദ്ധതികൾ

16 (1167) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറിഗേഷൻ വകുപ്പിൽ 2001 ജനുവരി മാസം വരെ എത്ര കോടി രൂപയുടെ കുടിശ്ശിക കരാറുകാർക്ക് നല്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ പണി മുടങ്ങിക്കിടക്കുന്ന വൻകിട ജലസേചനപദ്ധതികൾ ഏതെല്ലാം ?

ഉത്തരം

(എ) 116.01 കോടി രൂപ.

(ബി) ഒന്നുമില്ല.

പിറവം ഇറിഗേഷൻ I ബിയുടെ പണി പുനരാരംഭിക്കാൻ നടപടി

17 (1168) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് പിറവത്ത് പണി ആരംഭിച്ച ഇറിഗേഷൻ I ബി പൂർത്തിയായിട്ടുണ്ടോ ;

(ബി) ഇതിന്റെ എത്ര ശതമാനം പണികളാണ് പൂർത്തിയായിട്ടുള്ളത് ;

(സി) പണികൾ നിർത്തിവയ്ക്കാനുണ്ടായ കാരണമെന്താണ് ;

(ഡി) ഇത് സംബന്ധിച്ച് വിജിലൻസ് വകുപ്പ് നടത്തിയ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly